(എ) കയറുൽപ്പന്ന മേഖലയിൽ 30-ന്മേൽ തറികളുള്ള സംഘങ്ങൾക്ക് ലഭിക്കുന്ന വില ഒന്നും രണ്ടും തറികൾക്കു ലഭിക്കുന്ന വില തന്നെയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിലയിൽ ഇ. എസ്. ഐ., പി. എഫ്., ഗ്രാറ്റുവിറ്റി, ക്ഷേമനിധി എന്നീ ആനുകൂല്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ സംഘങ്ങൾ നടപ്പിലാക്കി വരുന്നതിന്റെ ഫലമായി സംഘങ്ങൾക്ക് ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് തൊഴിലാളി സഹകരണ സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് പരിഹാരം കാണുന്നതിനായി സംഘങ്ങൾ ചെലവഴിക്കുന്ന തുക ഗ്രാന്റായി നൽകുമോ?

ഉത്തരം

(എ) കേരള കയർ കോർപ്പറേഷനാണ് കയറുൽപ്പന്നങ്ങൾ വാങ്ങുന്നത്. തറികളുടെ എണ്ണം നോക്കിയല്ല, ഉൽപ്പന്നങ്ങൾക്കനുസരിച്ചാണ് വില നൽകുന്നത്.

(ബി) ഈ വിലയിൽനിന്ന് കയർ കോർപ്പറേഷൻ വരുമാന നികുതി മാത്രമേ ഈടാക്കുന്നുള്ളൂ.

(സി) ഇതുകൊണ്ട് മാത്രം നഷ്ടം സംഭവിച്ചതായി അറിവില്ല. എന്നാൽ ഇ. എസ്. ഐ., പി. എഫ്. പദ്ധതികൾ നടപ്പിലാക്കുന്നതും ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതിന് ഒരു കാരണമായേക്കാം.

(ഡി) പരാതി കിട്ടിയിട്ടുണ്ട്.

(ഇ) ഇപ്പോൾ നൽകി വരുന്ന വിപണന വികസന സഹായം (എം. ഡി. എ.) മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് ഏറെ സഹായകരമാണ്. ചെറുകിട കയറുല്പന്ന ഉല്പാദകരുടെ ഉല്പന്നങ്ങൾക്കായി പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ബയോസ്ഫിയർ റിസർവ്വായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ

82 [4820] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബയോസ്ഫിയർ റിസർവായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശമേതാണ്;

(ബി) ഏതൊക്കെ വനമേഖലകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എത്ര ഹെക്ടർ പ്രദേശമാണ് പ്രസ്തുത റിസർവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) തമിഴ്നാട്ടിലെ വനമേഖല ഇതിൽ ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകുമോ; ഇതിന്റെ പ്രയോജനം എന്തൊക്കെയാണെന്നുകൂടി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഗസ്ത്യമല ബയോസ്ഫിയർ റിസർവ്.

(ബി) നെയ്യാർ, പേപ്പാറ, ഷെന്തുരുണി എന്നീ വന്യജീവി സങ്കേതങ്ങളും അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷനുകളും അഗസ്ത്യവനം സ്പെഷ്യൽ ഡിവിഷനും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) 1,701 ചതുരശ്ര കിലോമീറ്റർ.

(ഡി) ഇല്ല. ഇക്കോ-ഡവലപ്മെന്റ് നടപടികൾ, പരിസ്ഥിതി വിദ്യാഭ്യാസവും പരിശീലനവും, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, മനുഷ്യനും വന്യജീവിയും തമ്മിലുള്ള സംഘർഷം കുറയ്ക്കൽ എന്നിവയാണ് ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ.

വനാന്തർ ഭാഗത്തുകൂടി കടന്നുപോകുന്ന നദികളിൽനിന്നും അനധികൃത മണൽ വാരൽ

83 [4821] ശ്രീ. ഡി. സുഗതൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാന്തർഭാഗത്തുകൂടി ഒഴുകുന്ന നദികളിൽനിന്നും മണൽവാരൽ നടക്കുന്നുണ്ടോ;

(ബി) വനത്തിനുള്ളിൽക്കൂടി ഒഴുകുന്ന നദീഭാഗത്തുനിന്നും മണൽ വാരുന്നതു തടയാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് കായംകുളം തെർമ്മൽ പവർസ്റ്റേഷനോടനുബന്ധിച്ചുള്ള പണികൾക്കുവേണ്ടി വനങ്ങളുടെ ഉള്ളിലുള്ള നദീഭാഗത്തുനിന്ന് മണൽ വാരിയത് സംബന്ധിച്ച് ആരോപണമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വനാന്തർഭാഗത്തുകൂടി ഒഴുകുന്ന നദിയിൽനിന്ന് ആരെല്ലാം മണൽ വാരിയത് സംബന്ധിച്ചാണ് ആരോപണമുണ്ടായിട്ടുള്ളത്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനത്തിൽക്കൂടി ഒഴുകുന്ന നദികളിൽനിന്നും അനധികൃത മണൽവാരൽ തടയുന്നതിന് റേഞ്ചുതലത്തിലെ ഉദ്യോഗസ്ഥൻമാരും ഫോറസ്റ്റ് ഫ്ളെയിംഗ് സ്കാഡ് ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തുകയും അത്തരം സ്ഥലങ്ങളിൽ പതിവായി പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അംഗീകൃത കടവുകളിൽനിന്നും മണൽ വാരുന്നത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. ഓരോ ലോഡു മണലിനും

LIBRARY ARCHIVES Kerala Legislative Assembly